# നാളികേരോൽപ്പന്നങ്ങൾക്ക് നല്ലകാലം




**കെ ബി ഉദയഭാനു**

കൊച്ചി: പ്രാദേശിക വ്യാപാരികളുടെ സജീവ സാന്നിധ്യം കൊപ്രയെ താങ്ങുവിലയ്ക്കുമുകളിൽ എത്തിച്ചു. കുരുമുളകുവില വീണ്ടും ഉയർന്നതോടെ ഇറക്കുമതി രാജ്യങ്ങൾ രംഗംവിട്ടു. വ്യവസായികളുടെ പിന്തുണ കുറഞ്ഞത് റബറിനു തിരിച്ചടിയായി. പവന്റെ വില ചാഞ്ചാടി.

നാളികേരോൽപ്പന്നങ്ങൾ ഈ വർഷത്തെ ഏറ്റവും മികച്ച റേഞ്ചിലേക്ക് സഞ്ചരിച്ചു. പ്രാദേശിക വ്യാപാരികൾ കൊപ്ര സംഭരിക്കാൻ അണിനിരന്നതാണ് കുതിച്ചുചാട്ടത്തിനു വഴിതുറന്നത്. ഏഴുമാസമായി സർക്കാർ ഏജൻസി കൊപ്ര സംഭരണം നടത്തിയിട്ടും ചെറുചലനംപോലും വിപണിയിൽ ഉളവാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ചുരുങ്ങിയ ആഴ്ചകൾകൊണ്ട് വ്യാപാരികൾ വിപണിയെ കൈപിടിച്ച് ഉയർത്തിയത്. മില്ലുകാരുടെ പിന്തുണയിൽ കൊപ്ര താങ്ങുവിലയായ 5250 രൂപയെ മറികടന്ന് 5325 വരെ കയറി. മുൻവാരത്തിൽ 250 രൂപ ഉയർന്ന വെളിച്ചെണ്ണ പിന്നിട്ടവാരം 400 രൂപയുടെ കുതിപ്പ് നടത്തി 7700 രൂപയിൽ എത്തി. കാലാവസ്ഥ തെളിഞ്ഞതിനിടയിൽ ഗ്രാമീണമേഖലകളിൽ നാളികേര വിളവെടുപ്പും ഊർജിതമായി. ഇതിനിടയിൽ ഓണം അടുത്തതോടെ പാം ഓയിലിനും ആവശ്യക്കാർ ഏറുകയാണ്. പാം ഓയിൽ 5850 രൂപയിൽനിന്ന് 6200 രൂപവരെ ഉയർന്നു. പാം ഓയിലിന്റെ വിലക്കയറ്റം വെളിച്ചെണ്ണയുടെ തിരിച്ചുവരവ് സുഗമമാക്കും.

കുരുമുളകിന്റെ മുന്നേറ്റംകണ്ട് അമേരിക്കൻ വാങ്ങലുകാർ രംഗംവിട്ടു. കുരുമുളകിനു 500 രൂപ വർധിച്ചത് ഇറക്കുമതിക്കാരെ പിന്നോക്കം വലിച്ചു. ഉത്തരേന്ത്യൻ മാർക്കറ്റുകളിൽ ആവശ്യക്കാരേറി. ഗാർബിൾഡ് കുരുമുളക് 42,500 രൂപയിൽ എത്തി. കയറ്റുമതിമേഖല നേരത്തെ സ്വരൂപിച്ച വിദേശ ഓർഡറുകൾ മുൻനിർത്തി ചരക്ക് സംഭരിക്കുന്നുണ്ട്. ഹൈറേഞ്ചിൽനിന്നും തെക്കൻ ജില്ലകളിൽനിന്നുമുള്ള ചരക്കുവരവ് കുറവാണ്. ആഗോള വിപണിയിൽ ഇന്ത്യൻ മുളകുവില ടണ്ണിനു 7250 ഡോളറാണ്.

തെളിഞ്ഞ കാലാവസ്ഥ മുൻനിർത്തി രാജ്യത്തെ പ്രമുഖ ടയർ കമ്പനികൾ റബർ സംഭരണത്തോത് കുറച്ചു. വ്യവസായികളുടെ സംഘടിതമായ പിൻവലിയൽ മികച്ചയിനം ഷീറ്റ്‌വിലയെ ബാധിച്ചു. പല ഭാഗങ്ങളിലും റബർവെട്ട് ഊർജിതമായ പശ്ചാത്തലത്തിൽ മാസാരംഭത്തിൽ പുതിയ ഷീറ്റിന്റെ ലഭ്യത വർധിക്കും. ഇത് മുന്നിൽക്കണ്ടാണ് ടയർ കമ്പനികൾ നാലാം ഗ്രേഡ് വില 18,700ൽനിന്ന് 18,500ലേക്ക് താഴ്ത്തി. അഞ്ചാം ഗ്രേഡ് 18,100ലും ഒട്ടുപാൽ 12,600ലും വ്യാപാരം നടന്നു. ലാറ്റക്സ്‌വില 15,800ൽനിന്ന് 15,000ലേക്ക് ഇടിഞ്ഞു. മൂന്നാഴ്ചയോളം സ്റ്റഡിയായി നീങ്ങിയശേഷമാണ് ലാറ്റക്സിനു തിരിച്ചടി നേരിട്ടത്. കൊച്ചിയിൽ 700 ടൺ റബർ പോയവാരം വിൽപ്പനയ്ക്കുവന്നു. അടുത്ത രണ്ടാഴ്ച വരവ് ഇരട്ടിയിലേക്ക് ഉയരാനുള്ള സാധ്യത തെളിയാം. ഇതിനിടയിൽ രാജ്യാന്തര റബർവിപണി മുന്നേറി.

സ്വർണവിലയിൽ നേരിയ ചാഞ്ചാട്ടം. വിവാഹ സീസണായതിനാൽ വിൽപ്പന ഉയർന്നു. പവൻ 23,040ൽനിന്ന് 23,200 വരെ കയറി. എന്നാൽ വാരാന്ത്യം പവൻ പഴയ നിലവാരത്തിലേയ്ക്ക് തിരിച്ചുവരവ് നടത്തി. ഒരു ഗ്രാമിന്റെ വില 2880 രൂപ. വിനിമയ വിപണിയിൽ രൂപയ്ക്ക് നേരിട്ട റെക്കോർഡ് തകർച്ചയും ആഭ്യന്തര സ്വർണമാർക്കറ്റിൽ പ്രതിഫലിച്ചു. ലണ്ടനിൽ ട്രോയ് ഔൺസ് സ്വർണം 1371 ഡോളറിൽനിന്ന് 1399ലേക്ക് ഉയർന്നു.